F

# സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത്

<u>പത്തനംതിട്ട ജില്ല</u>
<u>ഉപജില്ലാ അദാലത്ത് സമതി -1</u>

18-01-2024 തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ വെച്ച് കൂടിയ ഉപജില്ല അദാലത്ത് സമതി 1 ന്റെ യോഗ മിനിറ്റ്സ്.

<u>പങ്കെടുത്തവർ</u>

1. മിനി. എസ്.( അ,സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, പത്തനംതിട്ട).
2. വിനീത് ജി. (അ,സിസ്റ്റന്റ് ടൗൺ പ്ലാനർ,പത്തനംതിട്ട).
3. കെ.സി.സുരേഷ് കുമാർ (ഇൻന്റേണൽ വിജിലൻസ് ഓഫീസർ പത്തനംതിട്ട).

തോട്ടപുഴശ്ശേരി, പുറമറ്റം, ആനിക്കാട്, മല്ലപ്പള്ളി, കുന്നന്താനം, അയിരൂർ, എഴുമറ്റൂർ, കല്ലൂപ്പാറ തിരവല്ല മുനിസിപ്പാലിറ്റി എന്നിവടങ്ങളിലെ ഉദ്യോഗസ്ഥരും അദാലത്തിൽ പങ്കെടുത്തു.

<u>പരിഗണിച്ച വിഷയം</u>- കരം അടയ്ക്കുന്നത് പരിഗണിക്കുന്നത് സംബന്ധിച്ച്.

ബഹു.കേരള മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന നവകേരള സദസ്സിൽ ലഭിച്ച പരാതികളിൽ തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയ കെട്ടിട നമ്പറിംഗ്, കെട്ടിടനിർമ്മാണ പെർമിറ്റ്, ലൈസൻസ്, സിവിൽ രജിസ്ട്രേഷൻ എന്നിവയുമായി ബന്ധപ്പെട്ട 17 പരാതികളും സിറ്റിസൺ അദാലത്ത് പോർട്ടലിൽ ലഭിച്ച 1 (ഒരു) പരാതിയും അദാലത്തിൽ പരിഗണിക്കുകയുണ്ടായി.

## <u>അദാലത്ത് തീർപ്പ്</u>

ശ്രീമതി. സൂസൻ ജോൺ,ഒലിയാൽ താഴയിൽ ,ക്രോസ് ജംഗ്ഷൻ, തിരുവല്ല എന്നയാളുടെ പരാതി സംബന്ധിച്ച്:-

തിരുവല്ല മുനിസിപ്പാലിറ്റിയിൽ മുൻപ് വാർഡ് 18 ആയിരുന്നപ്പോൾ മറിയാമ്മ വർഗ്ഗീസ് എന്നയാളുടെ പേരിൽ കെട്ടിട നികുതി അടച്ചിരുന്നതായും പിന്നീട് വാർഡ് നമ്പർ മാറിയതിനുശേഷം കരം അടയ്ക്കാൻ സാധിയ്ക്കുന്നില്ല. കരം അടയ്ക്കാനുള്ള സാഹചര്യം ഉണ്ടാക്കി തരണമെന്നാണ് പരാതിക്കാരിയുടെ ആവിശ്യം

പഴയ കെട്ടിട നികുതി അടച്ച രസീത് ഹാജരാക്കിയാൽ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് തിരുവല്ല നഗരസഭയിൽ നിന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ പഴയ കെട്ടിട നികുതിയുടെ രസീതിന്റ പകർപ്പ് അപേക്ഷ സഹിതം തിരുവല്ല നഗരസഭ റവന്യൂ വിഭാഗത്തിൽ സമർപ്പിക്കേണ്ടതാണെന്നും ഇപ്രകാരം

അപേക്ഷയും രസീതിന്റെ പകർപ്പും സമർപ്പിച്ചാൽ 15 ദിവസത്തിനുള്ളിൽ തുടർ നടപടി സ്വീകരിച്ച് വിവരം അപേക്ഷകയെ അറിയിക്കേണ്ടതാണ്.

കൺവീനർ
ഉപജില്ലാ അദാലത്ത് സമിതി-1

ഇൻന്റേണൽ വിജിലൻസ് ഓഫീസർ-1
തദ്ദേശസ്വയം ഭരണവകുപ്പ്
പത്തനംതിട്ട.

കോപ്പി: സെക്രട്ടറി തിരുവല്ല നഗരസഭ